# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1888 17.03.2015-ൽ മറുപടിയ്ക്ക്**

**സ്വർണ്ണക്കടത്ത് തടയുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) വിമാനത്താവളങ്ങൾ വഴിയും അല്ലാതെയും സംസ്ഥാനത്ത് സ്വർണ്ണക്കടത്ത് കൂടിവരുന്നതും അവ സി.ബി.ഐ. ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികളുടെ പിടിയിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വിമാനത്താവളങ്ങളുടെ നിയന്ത്രണം സംസ്ഥാന പോലീസിനല്ല. സ്വർണ്ണക്കടത്ത് കേസുകൾ കൈകാര്യം ചെയ്യുന്നത് കസ്റ്റംസും, ഡി.ആർ.ഐ. യും ആണ്. എന്നാൽ കാസർകോട് ജില്ലയിൽ ബേഡകം പോലീസ് സ്റ്റേഷൻ പരിധിയിൽ 2 കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ ഇത്തരം കേസുകളിൽ പ്രതികളായിട്ടുണ്ട് ; അവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാന പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ ആഭ്യന്തര വകുപ്പിലുള്ള ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല. തിരുവനന്തപുരം എയർ പോർട്ടിൽ ഇമിഗ്രേഷൻ വിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വന്നിരുന്ന കേരളാ പോലീസിലെ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ. നവാസ് എ. (CPOT No. 2182) ശ്രീ. ഹക്കിംജി. എം. (CPOW No. 2378)ശ്രീ. പ്രസാദ് കുമാർ. സി (CPOT No. 5698) എന്നിവരും കൊച്ചിൻ, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാന താവളത്തിലെ ഇമിഗ്രേഷൻ വിഭാഗത്തിൽ കേരളാ പോലീസിൽ നിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വരുന്ന അസിസ്റ്റന്റ് സെൻട്രൽ ഇന്റലിജൻസ് ഓഫീസർ ഗ്രേഡ് -II മാരായ ശ്രീ. മനു. ഇ. വി., ശ്രീ. കൃഷ്ണകുമാർ ആർ. എന്നിവരും വിവിധ കേസുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്. |
| (സി) അവരിൽ ആരുടെയെല്ലാം ബാങ്ക് അക്കൗണ്ടുകൾ, മറ്റു രേഖകൾ തുടങ്ങിയവ കണ്ടുകെട്ടിയിട്ടുണ്ട് ; വിശദാംശം നൽകുമോ ; | (സി) ശ്രീ. മനു ഇ. വി. യുടേയും ശ്രീ. കൃഷ്ണകുമാർ ആർ. ന്റെയും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതായി സി.ബി.ഐ. അറിയിച്ചിട്ടുണ്ട്. |
| (ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ എന്തു തുകയുടെ സ്വർണ്ണക്കടത്ത് കണ്ടെത്തിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) കാസർകോട് ബേഡകം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 2 ക്രൈം കേസുകളിലും കൂടി 34,00,000/- (മുപ്പത്തിനാല് ലക്ഷം) രൂപയുടെ സ്വർണ്ണം കണ്ടെത്തിയിട്ടുണ്ട്. 2011 മുതൽ നാളിതു വരെ 88.05 കോടി രൂപയുടെ കള്ളക്കടത്ത് സ്വർണ്ണം പിടിച്ചെടുത്തതായി ചീഫ് കമ്മീഷണർ ഓഫ് എക്സൈസ്, കസ്റ്റംസ് ആന്റ് സർവ്വീസ് ടാക്സ് അറിയിച്ചിട്ടുണ്ട്. |

(ഇ) ഇത്തരം സ്വർണ്ണക്കടത്ത് തടയുവാൻ ആഭ്യന്തര വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

കേരളത്തിലെ വിവിധ എയർ പോർട്ടുകൾ വഴി വൻതോതിൽ സ്വർണ്ണം കള്ളക്കടത്ത് നടത്തുന്നതായി ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എയർ പോർട്ടുകളിൽ കർശനമായ പരിശോധനകൾ നടത്താനും രഹസ്യ വിവരം ശേഖരിക്കാനും സംസ്ഥാന പോലീസിലെ ഏതാനും ഉദ്യോഗസ്ഥരെ അനുവദിക്കണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടെ ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല എയർപോർട്ടുകളിലെ സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ടുണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങളെക്കുറിച്ച് വിവിധ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ്, കസ്റ്റംസ്, എയർപോർട്ട് ഉദ്യോഗസ്ഥരുടെ ആനുകാലിക യോഗങ്ങൾ വിളിക്കാൻ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (നോർത്ത്/സൗത്ത്) സോണുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ